## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4697 — 20.10.2011 ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. യുടെ വിദ്യാഭ്യാസ വായ്പ

**ചോദ്യം** — **ഉത്തരം**

ശ്രീ. പാലോട് രവി :
ശ്രീ. പി.എ. മാധവൻ :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ ദുർബല വിഭാഗങ്ങൾക്ക് വേണ്ടി വിദ്യാഭ്യാസ വായ്പ തുടങ്ങുവാൻ പദ്ധതിയിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | യുവജനങ്ങളുടെ ഉന്നത വിദ്യാഭ്യാസത്തിനായി കെ.എസ്.എഫ്.ഇ.യിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'വിദ്യാധനം വായ്പാ പദ്ധതി'. ഈ പദ്ധതി പ്രത്യേകമായും ഒരു ലക്ഷം രൂപയിൽ താഴ്ന്ന വാർഷിക വരുമാനമുള്ള ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.<br>അപേക്ഷകരുടെ ആവശ്യമനുസരിച്ച് 50,000/- രൂപ മുതൽ 10 ലക്ഷം രൂപ വരെ ഉന്നത വിദ്യാഭ്യാസ കാലത്ത് വായ്പയായി നൽകുന്നു. NCERT/AICTE എന്നീ സ്ഥാപനങ്ങൾ അംഗീകരിച്ച കോഴ്സുകളിൽ യോഗ്യത നേടിയ കേരളീയർക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.<br>അഡ്മിഷൻ ഫീ, എൻട്രൻസ് ഫീ, കോഷൻ ഡെപ്പോസിറ്റ്, സെക്യൂരിറ്റി നിക്ഷേപം മുതലായവയും തുടർ ചെലവുകളായ ട്യൂഷൻ ഫീ, പരീക്ഷാ ഫീ, സ്പെഷ്യൽ ഫീ, ഹോസ്റ്റൽ ഫീ, |

.....2

| | | | |
|---|---|---|---|
| | | | യൂണിഫോം, പുസ്തകം, കമ്പ്യൂട്ടർ എന്നിവയുടെ ചെലവും വായ്പാ തുകയിൽ ഉൾപ്പെടും.<br>ഈ വായ്പയ്ക്ക് ഉദ്യോഗസ്ഥ ജാമ്യം, വസ്തു, ബാങ്ക് നിക്ഷേപ രസീതുകൾ, എൽ.ഐ.സി. പോളിസി, സ്വർണ്ണാഭരണങ്ങൾ, ബാങ്ക് ഗ്യാരണ്ടി , വിളിയ്ക്കാത്ത ചിട്ടിയുടെ പാസ്സ് ബുക്ക്, ദേശീയ സമ്പാദ്യ പദ്ധതി VIII, കിസ്സാൻ വികാസ് പത്ര മുതലായവ കമ്പനിയുടെ നിയമാവലി അനുസരിച്ച് ജാമ്യമായി സ്വീകരിയ്ക്കും.<br>പലിശ നിരക്ക് പൊതുവായി 13.5 ശതമാനമാണെങ്കിലും ദുർബ്ബല വിഭാഗങ്ങൾക്ക് (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ഉള്ളവർ) 12 ശതമാനമാണ്. കൂടാതെ ദുർബ്ബല വിഭാഗങ്ങൾക്ക് 4 ശതമാനം സബ്ബ്സിഡി ഉള്ളതുകൊണ്ട് 8 ശതമാനം പലിശയേ അടയ്ക്കേണ്ടതുള്ളൂ. മറ്റുള്ളവർക്ക് കൃത്യമായി അടച്ചു തീർക്കുമ്പോൾ പലിശയിന്മേൽ 1 ശതമാനം ഇളവു നൽകുന്നതാണ്. എന്നാൽ മുൻകൂറായി അടയ്ക്കുന്നവർക്ക് ഈ ഇളവുണ്ടായിരിയ്ക്കുന്നതല്ല.<br>വായ്പയിന്മേലുള്ള പലിശ തവണകളായി അടയ്ക്കാവുന്നതാണ്. |
| (ബി) | വായ്പയുടെ തിരിച്ചടവിനെക്കുറിച്ച് വിശദമാക്കുമോ ; | (ബി) | വിദ്യാധനം വായ്പ ഒരു ദീർഘ കാല വായ്പയാണ്. വിദ്യാഭ്യാസ കോഴ്സ് കഴിഞ്ഞ് 12-ാമത്തെ മാസം, ജോലി കിട്ടിയ തിയ്യതി ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നു മുതലാണ് തിരിച്ചടവ് തുടങ്ങേണ്ടത്. ആദ്യ തവണ വായ്പ എടുത്ത തിയ്യതി മുതൽ 11 കൊല്ലത്തേയ്ക്കാണ് വായ്പയുടെ കാലാവധി. വായ്പയിന്മേലുള്ള |

......3

| | | | |
|---|---|---|---|
| | | | പലിശ തവണകളായി അടയ്ക്കാവുന്നതാണ്. ഇപ്രകാരം അടച്ചില്ലെങ്കിൽ പലിശ വാർഷികാനുപാതത്തിൽ മുതലിലേയ്ക്ക് കൂടുന്നതാണ്. |
| (സി) | എത്ര വിദ്യാർത്ഥികൾക്ക് വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത് ; | (സി) | ഈ വർഷം 35 കോടി രൂപയാണ് വിദ്യാധനം വായ്പാ പദ്ധതിയ്ക്കു വേണ്ടി നീക്കി വെച്ചിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് പരമാവധി പേർക്ക് വായ്പ നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | വായ്പയ്ക്ക് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | ഒരു ലക്ഷം രൂപയിൽ താഴെ മാത്രം വാർഷിക വരുമാനമുള്ള ദുർബ്ബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കായ 12 ശതമാനവും പലിശയിന്മേൽ 4 ശതമാനവും സബ്സിഡിയും ഉണ്ട്. |
| (ഇ) | വായ്പ ലഭിക്കുന്നതിനുള്ള ജാമ്യ വ്യവസ്ഥകൾ എന്തെല്ലാം ? | (ഇ) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് അംഗീകരിച്ചിട്ടുള്ള എല്ലാ തരം ജാമ്യവും, അതായത് ഉദ്യോഗസ്ഥ ജാമ്യം, വസ്തു ജാമ്യം, നിക്ഷേപം, എൽ.ഐ.സി. പോളിസി, സ്വർണ്ണാഭരണങ്ങൾ, ബാങ്ക് ഗ്യാരണ്ടി , വിളിയ്ക്കാത്ത ചിട്ടിയിലെ അടവ് സംഖ്യ, NSC VIII$^{th}$ issue, കിസാൻ വികാസ് പത്ര, മുതലായവ ഈ വിദ്യാഭ്യാസ വായ്പാ പദ്ധതിയ്ക്ക് നിബന്ധനകൾക്ക് വിധേയമായി ജാമ്യമായി സ്വീകരിയ്ക്കുന്നതാണ്. |

Chandrika

**സെക്ഷൻ ഓഫീസർ**